**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 301** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുടിയേറ്റവും പ്രവാസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രവാസി സമൂഹത്തിന്റെ സംസ്കാരവും അസ്തിത്വവും നിലനിർത്തി മുന്നോട്ട് പോകുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് നാലാം ലോക കേരള സഭയിൽ ഉയർന്നുവന്നതെന്ന് അറിയിക്കാമോ; | (എ) | നാടിന്റെ വികസനത്തിൽ പ്രമുഖ പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണനിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങൾ നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതമായ തീരുമാനങ്ങൾ യൂണിയൻ-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും ലോക കേരള സഭ യത്നിക്കുന്നു.<br><br>നാലാം ലോക കേരള സഭ ലക്ഷ്യമിടുന്നത് അകംകേരളവും പുറം കേരളവും തമ്മിലുള്ള അകലം കുറച്ചു സഹകരിക്കാൻ സാധിക്കുന്ന സർവ്വ മേഖലകളിലും പരസ്പര സഹകരണവും കൂട്ടായ്മയും ഉറപ്പു വരുത്തുക എന്നതാണ്. മൂന്ന് സഭകളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ലോക കേരള സഭാ പ്രതിനിധികൾക്ക് സഭയ്ക്ക് പുറമേ ലോക കേരള സഭാ സെക്രട്ടേറിയറ്റുമായി നിരന്തരം |

| | | | |
|---|---|---|---|
| | | | ആശയവിനിമയം സാധ്യമാക്കാൻ ഒരു മെസ്സേജ് പോർട്ടൽ എന്ന സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. പ്രവാസ മേഖല ഉൾപ്പെടെയുള്ള വിവിധങ്ങളായ വിഷയങ്ങൾ വിശദമായ പ്രപ്പോസലിന്റെ രൂപത്തിൽ സമർപ്പിക്കാനും പരാതികളും പ്രശ്നങ്ങളും അവതരിപ്പിക്കുവാനും കൂടാതെ മലയാളി സംഘടനകളും വ്യക്തികളും നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുവാനും ലോക കേരള സഭയുടെ പ്രതിനിധികൾക്ക് പോർട്ടൽ മുഖേന സാധിക്കും.<br><br>പലപ്പോഴും ആശയവിനിമയത്തിന്റെ അഭാവം പ്രവർത്തനങ്ങളിൽ നിഴലിച്ചിരുന്നു. ഇതേ കാഴ്ചപ്പാട് എല്ലാ മലയാളികൾക്ക് ഇടയിലേക്കും എത്തിക്കുക, ലോക മലയാളിയ്ക്ക് ഒരു ഡിജിറ്റൽ ഇടം എന്ന നിലയ്ക്ക് 'ലോക കേരളം ഓൺലൈൻ' എന്ന ഒരു പ്ലാറ്റ്ഫോം ആരംഭിച്ചിട്ടുണ്ട്. പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിൽ അവസരങ്ങൾ പങ്കുവയ്ക്കുവാനും വിവരങ്ങൾ കൈമാറുവാനും ഉതകുന്ന ഒരു ഡിജിറ്റൽ കേരളം ഇത് വഴി ഉണ്ടാക്കാൻ സാധിക്കും. പ്ലാറ്റ്ഫോമിന്റെ പ്രവർത്തനം പടിപടിയായി ആരംഭിച്ച് പൂർണ്ണതോതിൽ എത്തുമ്പോൾ അകം കേരളവും പുറം കേരളവും തമ്മിലുള്ള അന്തരം നേർത്ത് വരും. പ്രാഥമിക വിവരങ്ങൾ നല്കുക വഴി പ്രവാസികൾക്ക് തമ്മിൽ ബന്ധപ്പെടുവാനും നവമാധ്യമ സ്വഭാവത്തിലുള്ള ഇടപെടലുകൾ നടത്തുവാനും സാധിക്കുന്നു. ഇത് വഴി ലോക കേരള സഭ മുന്നോട്ട് വയ്ക്കുന്ന ലോക മലയാളിയുടെ ജനാധിപത്യവേദി എന്ന ആശയം കൂടുതൽ ജനകീയമാകും.<br><br>നാലാം ലോക കേരള സഭയിൽ പ്രവാസി സമൂഹത്തിന്റെ സംസ്കാരവും അസ്തിത്വവും നിലനിർത്തി മുന്നോട്ട് പോകുന്നതിന് ആവശ്യമായ ശിപാർശകൾ വിവിധ ചർച്ചകളിലായി പ്രവാസി പ്രതിനിധികൾ ഉന്നയിച്ചിരുന്നു. വിവിധ ചർച്ചകളിലായി പ്രവാസികൾ ഉന്നയിച്ച നിർദ്ദേശങ്ങൾ / ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു. ശിപാർശകൾ പരിശോധിക്കുന്നതിനും ക്രിയാത്മകമായ പ്രൊപ്പോസലുകൾ ലോക കേരള സഭാ സെക്രട്ടേറിയേറ്റിന് സമർപ്പിക്കുന്നതിനുമായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയിന്മേൽ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സമീപകാലത്തായി ഇന്ത്യ ഒട്ടേറെ വിദേശരാജ്യങ്ങളുമായി സമഗ്ര സഹകരണത്തിനുള്ള കരാറുകളിൽ ഒപ്പുവയ്ക്കാറുണ്ടെങ്കിലും അതിൽ കുടിയേറ്റം വിഷയമാകാറില്ല എന്നത് നാലാം ലോക കേരള സഭയിലെ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ലോക കേരള സഭയിലെ 8 വിഷയാടിസ്ഥിത ചർച്ചകളിൽ ഒന്ന് എമിഗ്രേഷൻ കരട് ബില്ലിനെ അധികരിച്ചായിരുന്നു. രാജ്യം തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള കരാറുകളിൽ ഏർപ്പെടേണ്ട ആവശ്യകതകൾ ചർച്ചയ്ക്ക് വന്നു.<br><br>സമീപകാലത്തായി ഇന്ത്യ ഒട്ടേറെ വിദേശ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പിട്ടുന്നുണ്ട്. ഇന്ത്യ-യു.എ.ഇ. കരാർ ഇതിനുദാഹരണമാണ്. സമഗ്ര സഹകരണത്തിനുള്ള കരാറുകളിൽ പലപ്പോഴും കുടിയേറ്റം വിഷയമാകാറില്ല. കുടിയേറ്റ തൊഴിലാളികളുടെ സംരക്ഷണം സംബന്ധിച്ച ഉപകരാറുകൾ ഉണ്ടാവുന്നില്ല. പ്രധാനപ്പെട്ട ആതിഥേയ രാജ്യങ്ങളുമായി കുടിയേറ്റ തൊഴിലാളി സംരക്ഷണ കരാറുകൾ ഒപ്പുവയ്ക്കേണ്ടതുണ്ട്. ഇക്കാര്യം യൂണിയൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. |
| (സി) | കുടിയേറ്റവും പ്രവാസവും ലോകത്താകെ ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സംസ്ഥാനത്ത് നിന്നുള്ള കുടിയേറ്റവും വർദ്ധിക്കാനിടയുണ്ടെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കുടിയേറ്റവും പ്രവാസവും ലോകത്താകെ ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു സംസ്ഥാനത്ത് നിന്നുള്ള കുടിയേറ്റവും വർദ്ധിച്ചുവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി, സ്വദേശിവൽക്കരണം അടക്കമുള്ള പല തിരിച്ചടികളും ഉണ്ടായിട്ടും കേരള മൈഗ്രേഷൻ സർവ്വേ - 2023 റിപ്പോർട്ട് പ്രകാരം കുടിയേറ്റത്തിൽ ചെറിയതോതിൽ ആണെങ്കിലും ഉണ്ടായ വർദ്ധനവ് മലയാളി പ്രവാസത്തിനു ശുഭ പ്രതീക്ഷ നൽകുന്നു. ചെറിയ കാലത്തേക്കുള്ള തൊഴിൽ കുടിയേറ്റങ്ങളാണ് ഭാവി കുടിയേറ്റം മുന്നോട്ടു വയ്ക്കുന്നത്. അത്തരം കുടിയേറ്റങ്ങൾ നടത്തുന്ന മലയാളി പ്രവാസികൾക്ക് സുരക്ഷിതവും നിയമപരവും ഗുണമേന്മയുള്ളതുമായ കുടിയേറ്റം ഉറപ്പുവരുത്തുവാൻ അനുയോജ്യമായ സാഹചര്യം ഒരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ സാഹചര്യത്തിൽ കുടിയേറ്റ തൊഴിലാളികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻകൈ എടുക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ? | (ഡി) | കുടിയേറ്റ തൊഴിലാളികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻകൈ എടുക്കേണ്ടതുണ്ട്. എമിഗ്രേഷൻ ഡ്രാഫ്റ്റ് ബിൽ കഴിഞ്ഞ 3 വർഷക്കാലമായി പാർലമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. ഭാവിയിലെ കുടിയേറ്റത്തിന്റെ സാധ്യതകൾ മനസിലാക്കി ബില്ലിൽ സമൂലമായ മാറ്റം ആവശ്യമാണ്. തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിന് യൂണിയൻ ഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ